>> മുഖക്കുറിപ്പ്

# ഉത്തരം മുട്ടിയാൽ.....

**ഐക്യരാഷ്ട്രസഭയും** അനുബന്ധ സ്ഥാപനങ്ങളും അതിന്റെ പ്രഖ്യാപിത ലക്ഷ്യം വിസ്മരിച്ചിട്ട് കാലമേറെയായി. വൻശക്തികളുടെ സാമ്രാജ്യത്വ താൽപര്യങ്ങളും സ്വേഛാ തീരുമാനങ്ങളും ദുർബല രാഷ്ട്രങ്ങളുടെ മേൽ അടിച്ചേൽപിക്കാനുള്ള മുതലാളിത്ത ഉപകരണം മാത്രമാണിന്നത്. ആധുനിക ലോകത്ത് നടക്കുന്ന സൈനിക-സാമ്പത്തിക-സാംസ്കാരിക അധിനിവേശങ്ങൾക്കും വംശനശീകരണങ്ങൾക്കും നേരെ യു.എൻ പാലിക്കുന്ന തന്ത്രപരമായ നിഷ്ക്രിയത്വം അതിന്റെ അനിഷേധ്യമായ തെളിവാകുന്നു.

വികസിത നാഗരികസമൂഹങ്ങൾ എന്നവകാശപ്പെടുന്നവർ ആഗോള സമൂഹത്തെ കൊണ്ടെത്തിക്കുന്നത് എത്ര ഭയാനകമായ മൂല്യച്യുതിയിലേക്കാണെന്ന് വിളിച്ചോതുന്ന രണ്ടു വാർത്തകൾ യു.എൻ ആസ്ഥാനത്തുനിന്ന് ഈയിടെ പുറത്തുവരികയുണ്ടായി. സ്വവർഗ വിവാഹം നിയമവിധേയമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫ്രാൻസും ഹോളണ്ടും ചേർന്ന് യു.എൻ ജനറൽ അസംബ്ലിയിൽ അവതരിപ്പിച്ച പ്രമേയമാണ് അതിലൊന്ന്. 66 രാഷ്ട്രങ്ങൾ പ്രമേയത്തെ പിന്തുണച്ചു. എതിർത്തുകൊണ്ട് സിറിയ കൊണ്ടുവന്ന പ്രമേയത്തെ 8 രാജ്യങ്ങളാണ് പിന്താങ്ങിയത്. എല്ലാ രാജ്യങ്ങളിലും മതനിന്ദ നിയമവിരുദ്ധമാക്കുക ലക്ഷ്യമാക്കി മുസ്‌ലിം രാഷ്ട്രങ്ങൾ യു.എൻ.ഒയിൽ സമർപ്പിച്ച പ്രമേയങ്ങൾ പരിഗണിക്കുന്നത് നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനീവയിലെ അഭിപ്രായ സ്വാതന്ത്ര്യ വിദഗ്ധന്മാർ പ്രസ്താവന പുറപ്പെടുവിച്ചതാണ് രണ്ടാമത്തെ വാർത്ത. മുസ്‌ലിം രാഷ്ട്രങ്ങളവതരിപ്പിച്ച പ്രമേയങ്ങളുടെ ഉദ്ദേശ്യം മതനേതാക്കളെ വിമർശനാതീതരാക്കുകയും മതന്യൂനപക്ഷങ്ങളെയും നിർമതരെയും പീഡിപ്പിക്കുകയുമാണെന്നാണ് ഈ വിദഗ്ധരുടെ കണ്ടെത്തൽ. മതനിന്ദയെ നിയന്ത്രിക്കുന്ന യാതൊരു പ്രമേയവും ഐക്യരാഷ്ട്ര സഭയോ മനുഷ്യാവകാശ കമീഷനോ അംഗീകരിക്കാൻ പാടില്ലെന്ന് അവരാവശ്യപ്പെട്ടിരിക്കുന്നു.

സ്വവർഗ വിവാഹത്തിനും മതനിന്ദക്കുമുള്ള അനുവാദം മൗലികാവകാശത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും താൽപര്യമാണെന്നാണ് അവയുടെ വക്താക്കളുടെ വാദം. ഒരു സ്വാതന്ത്ര്യവും നിരുപാധികമല്ല എന്ന വസ്തുത ഇക്കൂട്ടർക്ക് പ്രശ്നമല്ല. വ്യവസ്ഥാപിതമായ ഒരു സമൂഹവും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ നിരുപാധികമായ സ്വാതന്ത്ര്യം നൽകുന്നില്ല എന്ന സത്യം അവർ കണ്ടില്ലെന്ന് നടിക്കുന്നു. അതിരില്ലാത്ത സ്വാതന്ത്ര്യം സ്വാതന്ത്ര്യത്തിന്റെ തന്നെ നിഷേധമാണ്. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പറുദീസയായ അമേരിക്കയിൽ 9/11നു ശേഷം നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിൽ ആഗോള സാമ്പത്തിക തകർച്ചയെ തുടർന്ന് ഏതാണ്ടെല്ലാ രാജ്യങ്ങളും സാമ്പത്തിക സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന വിപുലമായ പ്രവർത്തന സ്വാതന്ത്ര്യം വൻതോതിൽ വെട്ടിക്കുറച്ചിരിക്കുന്നു. ഏതു രാജ്യവും അതിന്റെ ദേശീയ പതാക, ദേശീയ ഗാനം, ഭരണഘടന തുടങ്ങിയ ചിഹ്നങ്ങളെ നിന്ദിക്കുന്നതും അനാദരിക്കുന്നതും കുറ്റകരമായി കണക്കാക്കുന്നു. ദേശീയ പതാക തലകീഴായി കെട്ടുന്നതും ദേശീയ ഗാനം അതിന്റെ നിശ്ചിത ഈണത്തിലും താളത്തിലുമല്ലാതെ ആലപിക്കുന്നതും വരെ പോലീസ് നടപടിക്ക് വിധേയമാകും. അതിനൊന്നും മൗലികാവകാശത്തിന്റെയോ വ്യക്തിസ്വാതന്ത്ര്യത്തിന്റെയോ പരിരക്ഷയില്ല. പക്ഷേ അന്യ ജനവിഭാഗങ്ങൾ ആദരിക്കുന്ന ചിഹ്നങ്ങളെ, വിശേഷിച്ചും അവരുടെ പാവനമായ മതചിഹ്നങ്ങളെ നിന്ദിക്കുന്നതിനും പരിഹസിക്കുന്നതിനും പരിരക്ഷയുമായി മൗലികാവകാശവും വ്യക്തിസ്വാതന്ത്ര്യവും ഓടിയെത്തുന്നു!! യൂറോപ്പിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ഇസ്‌ലാംഭർത്സനവും പ്രവാചകനിന്ദയും നിർബാധം തുടരാൻ കളമൊരുക്കുകയും അതിനെതിരെ മുസ്‌ലിം ലോകത്തുനിന്ന് ഉയരുന്ന പ്രതിഷേധങ്ങളെ ഗളഹസ്തം ചെയ്യുകയുമാണ് കാപട്യം നിറഞ്ഞ ഈ ഇരട്ടത്താപ്പിന്റെ ലക്ഷ്യമെന്ന് സ്പഷ്ടമാണ്. മാന്യവും സഭ്യവുമായ വിമർശനങ്ങളും സംവാദങ്ങളുമൊക്കെ മുസ്‌ലിംകൾ എന്നും സ്വാഗതം ചെയ്തിട്ടേയുള്ളൂ. ബുദ്ധിപരവും നൈതികവുമായ പ്രമാണങ്ങളിലൂടെ സ്ഥാപിക്കാനാവാത്ത തത്ത്വങ്ങളും നിയമങ്ങളും ഇസ്‌ലാമിൽ ഇല്ല. ഏതു വിമർശനത്തെയും തലയുയർത്തിനിന്ന് നേരിടാൻ മുസ്‌ലിംകൾക്ക് കഴിയും. യുക്തിപരവും ധാർമികവുമായ ന്യായങ്ങളിലൂടെ ഇസ്‌ലാമിനെ തകർക്കാനാവില്ലെന്നു ബോധ്യപ്പെടുന്നവർ അവാസ്തവമായ ആരോപണങ്ങളുന്നയിച്ച് ഭർത്സിച്ചും സഭ്യേതരമായ ശൈലിയിൽ നിന്ദിച്ചും പരിഹസിച്ചും അതിനെ തോൽപിക്കാനാകുമോ എന്നു നോക്കുകയാണ്. ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടുക, സത്യത്തിൽനിന്ന് ഒളിച്ചോടുന്നവർ അതിപുരാതനകാലം മുതലേ പയറ്റിവരുന്ന അടവാണല്ലോ. കുത്സിതമായ ഈ അടവിന് ആഗോള സമൂഹത്തിന്റെ അംഗീകാരം തരപ്പെടുത്താനാണിപ്പോഴത്തെ ശ്രമം.

പാശ്ചാത്യ ലോകത്ത് കൊടികുത്തിവാഴുന്ന ലൈംഗിക ജീർണതകളെ ഇതര സമൂഹങ്ങളിലേക്ക് പടർത്താനും മഹത്തായ സാംസ്കാരിക പുരോഗതിയായി അംഗീകരിപ്പിക്കാനുമുള്ള ദുഷ്ട ലാക്കാണ് സ്വവർഗ വിവാഹം നിയമവിധേയമാക്കണമെന്നാവശ്യപ്പെടുന്ന പ്രമേയത്തിൽ പ്രതിഫലിക്കുന്നത്. സ്വവർഗരതിയിലെ അധാർമികത അവഗണിച്ചാൽ പോലും ആധുനികലോകത്തിന്റെ മാരകരോഗമായ എയിഡ്സ് പരത്തുന്നതിൽ ആ ദുരാചാരത്തിനുള്ള വിപുലമായ പങ്ക് ആർക്കും നിഷേധിക്കാനാവില്ല. എയിഡ്സ് രോഗികൾക്കാവട്ടെ, ഗർഭസ്ഥശിശുക്കൾക്കു പോലും അത് പകർന്നുകൊടുക്കാൻ കഴിയുന്നു. അഗമ്യഗമനക്കാരുടെ സ്വാതന്ത്ര്യത്തിനും മൗലികാവകാശത്തിനുമുള്ള വില, എയിഡ്സിൽനിന്ന് സുരക്ഷിതരാകണമെന്ന് ആഗ്രഹിക്കാനുള്ള സദാചാരനിഷ്ഠരുടെ മൗലികാവകാശത്തിനും സ്വാതന്ത്ര്യത്തിനും ഇല്ലേ?!

നീതിയും സമാധാനവും ക്ഷേമവും വാഴുന്ന നവലോകമാണ് വൻശക്തികളും യു.എൻ.ഒയും സ്വപ്നം കാണുന്നതെങ്കിൽ അവർ ചില സംഗതികൾ മുൻധാരണയും പക്ഷപാതിത്വവും മാറ്റിനിർത്തി പരിഗണിക്കാൻ തയാറാകേണ്ടതുണ്ട്. ആഗോള സാമ്പത്തിക തകർച്ചയിൽനിന്ന് കരകയറാൻ രാഷ്ട്രങ്ങൾ പലിശനിരക്ക് കുറച്ചുകൊണ്ടിരിക്കുകയാണല്ലോ. ചിലേടത്ത് അത് പൂജ്യത്തിന്റെ വക്കോളമെത്തിയിരിക്കുന്നു. ഇന്ത്യയും നീങ്ങുന്നത് ആ വഴിക്കാണ്. കോൺഗ്രസ് പാർട്ടിയുടെ ഔദ്യോഗിക വക്താവ് അഭിഷേക് സിംഗ്‌വി ഇവ്വിഷയകമായി എഴുതിയ ഒരു ലേഖനത്തിൽ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയുടെ പ്രസക്തിയെക്കുറിച്ച് പറയുന്നുണ്ട്. പലിശയുടെ അഭാവവും പങ്കാളിത്തവും അധ്വാനത്തിനും മൂലധനത്തിനും നൽകപ്പെടുന്ന തുല്യ പരിഗണനയും അദ്ദേഹം പ്രത്യേകം എടുത്തു പറയുന്നു. സാമ്പത്തിക കുഴപ്പത്തിന്റെ ആഘാതം ഏറ്റം കുറഞ്ഞ തോതിൽ അനുഭവപ്പെടുന്നത് മുസ്‌ലിം രാജ്യങ്ങളിലാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. ഇതൊരു നല്ല സൂചനയാണ്. ലോകം നേരിടുന്ന മറ്റു പ്രശ്നങ്ങളുടെ പരിഹാരത്തിലും ദൈവിക മാർഗദർശനത്തിനുള്ള സാധ്യത പരിഗണിക്കാൻ ആധുനിക മനുഷ്യൻ തയാറാകുമോ?. ■